**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3423** | | **08.11.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **കൊച്ചി നഗരസഭ നടപ്പിലാക്കുന്ന നിർമ്മാണപ്രവർത്തികൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | തൃപ്പൂണിത്തുറ, കൊച്ചി നിയോജകമണ്ഡലങ്ങളിലൂടെ കടന്നു പോകുന്നതും വർഷങ്ങൾക്ക് മുൻപ് കൊച്ചി നഗരസഭ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആരംഭിച്ചതുമായ 40 അടി റോഡിന്റെ സ്ഥലമെടുപ്പിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | കൊച്ചി കോർപ്പറേഷൻ പള്ളുരുത്തി മേഖലയിൽ 40 അടി റോഡുമായി ബന്ധപ്പെട്ട് തോപ്പുംപടി മറൈൻ ജംഗ്ഷൻ മുതൽ എം.എൽ.എ റോഡ് ജംഗ്ഷന്റെ തെക്ക് വശം വരെ (കല്ലുചിറ) ടാറിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് 40 പേരുടെ സ്ഥലം ഏറ്റെടുത്ത് രജിസ്ട്രേഷൻ നടത്തി ടി സ്ഥലത്ത് Road Formation work – കൾ നടത്തുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) | 2018-19 കാലയളവിൽ അനുവദിച്ചിട്ടുള്ള മുഴുവൻ ഫണ്ടും ടി റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ ചിലവാക്കിയിട്ടുള്ളതാണ്. ഫണ്ടിന്റെ ലഭ്യതക്കുറവാണ് കാലതാമസത്തിന് കാരണം. സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 12 കോടി ആവശ്യമുള്ളതാണ്. |
| (സി) | ഇതിനായി ഇനി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളതെന്നും വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | ടി 40 അടി റോഡ് വികസനത്തിനായി 2 ഏക്കർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ടി പ്രോജക്റ്റിന് തുക വകയിരുത്തിയിട്ടില്ല. തുക വകയിരുത്തി സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് ടി പദ്ധതി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ